**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1623          22.03.2013 - ൽ മറുപടിയ്ക്ക്

വികലാംഗ ദുരിതാശ്വാസനിധി

ചോദ്യം
ശ്രീ. മോൻസ് ജോസഫ്

ഉത്തരം
**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വികലാംഗ ദുരിതാശ്വാസ നിധി യിൽ നിന്നും സഹായം നൽകു ന്നതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) | വികലാംഗരുടെ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സാ ആവശ്യ ങ്ങൾക്കും, അപകടങ്ങളെ തുടർന്ന് വികലാംഗരായിട്ടുള്ളവർക്കും ചികിത്സ ധനസഹായം അനുവദി ക്കുന്നതിന് നടപ്പാക്കി വരുന്ന പരിപാടിയാണ് വികലാംഗ ദുരിതാ ശ്വാസ നിധി പദ്ധതി. സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ഒരു കോടി രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കോർപ്പസ് ഫണ്ടായും ഒരു ലക്ഷം രൂപ അതേ ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും നിക്ഷേപിച്ചി ട്ടുണ്ട്. ആയതിന്റെ പലിശയാണ് ചികിത്സാ ധനസഹായമായി നൽകി വരുന്നത്. |
| (ബി) | എത്ര രൂപയാണ് പരമാവധി ലഭ്യമാക്കുന്നത്; ആർക്കാണ് ഈ അപേക്ഷ കൊടുക്കേണ്ടത്; | (ബി) | ഒരു അപേക്ഷകന് പരമാവധി 5000/- രൂപയാണ് നൽകുന്നത്. ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| (സി) | വികലാംഗ ദുരിതാശ്വാസ നിധി യിലേയ്ക്ക് സഹായം ലഭ്യമാ ക്കുന്നതിന് പ്രത്യേക അപേക്ഷാ ഫോറം ഉണ്ടോ; എങ്കിൽ ആയ തിന്റെ മാതൃക ലഭ്യമാക്കുമോ; | (സി) | അപേക്ഷാ ഫോറത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഈ അപേക്ഷയോടൊപ്പം ചേർക്കേണ്ട രേഖകൾ എന്തെ ല്ലാമാണെന്ന് വ്യക്തമാക്കുമോ; എത്ര ശതമാനം അംഗവൈ കല്യം ഉള്ളവർക്കാണ് സഹായം നൽകുന്നത്? | (ഡി) | വരുമാനം തെളിയിക്കുന്ന സർട്ടി ഫിക്കറ്റ്, ഗവ. ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റ്, വികലാംഗ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പി എന്നിവ അപേക്ഷയോ ടൊപ്പം നൽകേണ്ടതുണ്ട്. 40% അംഗ വൈകല്യമുള്ള ചികിത്സ ആവശ്യ മുള്ളവർക്കാണ് ടി സഹായം നൽകുന്നത്. |

R. Vijayan

സെക്ഷൻ ഓഫീസർ

അനുബന്ധം

## വികലാംഗദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുന്നതിനുള്ള അപേക്ഷാഫാറം

1. അപേക്ഷകന്റെ പേരും മേൽവിലാസവും :

2 അപേക്ഷകന്റെ ജനനസ്ഥലം :

(എ) ദേശം :
(ബി) വില്ലേജ് :
(സി) താലൂക്ക് :
(ഡി) ബ്ലോക്ക് :
(ഇ) ജില്ല :

3. പുരുഷൻ / സ്ത്രീ :
4. ജനനതീയതി :
5. അപേക്ഷകന്റെ ഇപ്പോഴത്തെ മേൽവിലാസം :

6. അപേക്ഷകന്റെ / പിതാവിന്റെ / കുടുംബ നാഥന്റെ / രക്ഷകർത്താവിന്റെ പേരും മേൽവിലാസവും :
7. അംഗവൈകല്യത്തെ സംബന്ധിക്കുന്ന വിശദവിവരം(മെഡിക്കൽ സർട്ടിഫിക്കററ് വികലാംഗത്വ സർട്ടിഫിക്കററ് ഹാജരാക്കണം) : അന്ധത/ബധിരത/മൂകബധിര/ അസ്തിസംബന്ധമായവൈകല്യം/ മന്ദബുദ്ധി/ഓസ്ട്രാമേററ്സ്
8. കുടുംബനാഥന്റെ വാർഷികവരുമാനം :
9.ധനസഹായം ആവശ്യപ്പെടുന്ന തുക :
10. അടിയന്തിര സഹായത്തന്റെ ആവശ്യകത :
11. ദുരിതാശ്വാസ നിധിയിൽ നിന്നും ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ ? :
(ഉണ്ടെങ്കിൽ വിശദവിവരം)
12. മററ് എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരം :

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുക്കളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം :
തീയതി : അപേക്ഷകന്റെ ഒപ്പ് / വിരളടയാളം

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ :

വില്ലേജ് ആഫീസറുടെ വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഗവ: ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റ് (അസൽ), വികലാംഗ സർട്ടിഫിക്കറ്റിന്റെ കോപ്പി.

R. Vijayan
സെക്ഷൻ ഓഫീസർ